WATCHER—FOREST DEPARTMENT

182. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഫാറസ്റ്റ് ഡിപ്പാർട്ട്മെണ്ടിൽ ഒരു വാച്ചറായ മിസ്റ്റർ ഇ. കെ. അയ്യപ്പൻ, എച്ചിപ്പാറ ബീറ്റിൽ ചിക്കായി എന്ന സ്ഥലത്തു വാച്ചറായി ജോലി നോക്കിയിരുന്നപ്പോൾ തന്റെ ഉദ്യോഗം രാജി വെക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജിക്കത്തിൽ കാണിച്ചിട്ടുള്ള കാരണം എന്ത് ;

(സി) രാജിക്കത്തിന്റെ ഒരു പകർപ്പു മേശപ്പുറത്തു വെക്കുന്നതിനു ദയവുണ്ടാകുമോ?

മിസ്റ്റർ എസ്സ്. വെങ്കടേശ്വരൻ : (എ) ടി വാച്ചർ ഉദ്യോഗം രാജിവെക്കുക ഉണ്ടായില്ല. പക്ഷെ, അനുവാദം കൂടാതെ സ്ഥലം വിട്ടുപോയി. ഈ ദിവസങ്ങൾ "സസ്പെൻഡായി" കണക്കാക്കി.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ആരായിരുന്നു?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: രാഘവകൈമൾ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ വാച്ചർ അനുവാദംകൂടാതെ സ്ഥലംവിട്ടുപോയതു് ഏതുകാരണത്താലാണു്?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: അയാളുടെ എക്സ്പ്ലനേഷനിൽ സുഖക്കേടാണു് എന്നാണു് പറയുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അയാളെ പുലയനാണെന്നുള്ള കാരണം പറഞ്ഞിട്ടു് ആക്ഷേപിക്കുകയുണ്ടായോ?

Mr. S. Venkiteswaran *(Conservator of Forests)*: I will explain the true circumstance of this case. This wacher started to be indiscreet and when he was admonished for it, he became insolvent and insubordinate and the Forester had to warn him to keep to his place.

മിസ്റ്റർ കെ. കെ. കണ്ണൻ: ജാതിയുടേ നിലയിൽ അയാളോടു് ആക്ഷേപിച്ചു് പെരുമാറിയെന്നുള്ള കാരണംപറഞ്ഞതു് അയാൾ ഡിപ്പാർട്ടുമെണ്ടിലേക്കു് ഹർജിയയച്ചിട്ടുണ്ടായിരുന്നുവെന്നാണു എന്റെ അറിവു്.

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: ഹർജി കിട്ടിട്ടില്ല.

PUTHUVAL LAND

183. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) സ്റ്റെയിറ്റിലെ കടലോരങ്ങളിൽ ഇപ്പോൾ തരിശ്ശായി കിടക്കുന്ന പുതുവൽ സ്ഥലങ്ങൾ ഉണ്ടായിട്ടു ഉദ്ദേശം എത്ര കൊല്ലങ്ങളായിട്ടുണ്ടു് ;

(ബി) അതിൽ എത്ര ഏക്കു് സ്ഥലം ഇനിയും സർവ്വെ ചെയ്യാതേയും പതിച്ചു കൊടുക്കാതേയും കിടക്കുന്നുണ്ടു് ;

(സി) ഈ സ്ഥലങ്ങൾക്ക അധീകൃതരിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും പതിച്ചു കൊടുക്കാതിരിക്കുന്നതിന്റെ ഉദ്ദേശം എന്താണു് ;

(ഡി) ഈ സ്ഥലങ്ങൾ ഗവമ്മെണ്ടു് എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നു സദയം പറയുമോ?

മിസ്റ്റർ എ. മാധവപ്രഭു: (എ) ഉദ്ദേശം ൪ മുതൽ ൫൦ വരെ കൊല്ലങ്ങൾ ആയിട്ടുണ്ടു്.

(ബി) ഇതിൽ സർവ്വെ ചെയ്യാതെ കിടക്കുന്ന സ്ഥലം എത്രയെന്നു പറയുവാൻ നിവർത്തിയില്ല. പതിച്ചു കൊടുത്ത സ്ഥലം ഉദ്ദേശം ൫൦൦ ഏക്രാളം കാണുന്നതാണു്.

(സി) ഇതിൽ ഏതാനും സ്ഥലങ്ങൾക്ക മാത്രമേ അപേക്ഷകന്മാർ ഉണ്ടായിട്ടുള്ളു. അന്യന്മാക്കായി തിരിച്ചുവെച്ചിരുന്ന സ്ഥലങ്ങളെ ഉദ്ദേശിച്ചു വന്നിരുന്ന അപേക്ഷകൾ ആയിരുന്നതുകൊണ്ടും അപേക്ഷകർ അറിയാതിരുന്നതുകൊണ്ടും മറ്റു നടപടികൾക്ക വഴിപ്പെടാത്തതുകൊണ്ടും മറ്റുമാണു് അപേക്ഷകൾക്ക അവസാനതീരുമാനം ആകാത്തതു്.

(ഡി) ഇതിൽ ഏതാനും ഉപ്പുണ്ടാക്കുന്ന സ്ഥലത്തിന്നായി ആവശ്യമുണ്ടു്. ഏതാനും ഫിഷ്പോണ്ടു് മുതലായതു ഉണ്ടാക്കുവാനും ആവശ്യമുണ്ടു്. ഏതാനും കുടിയേടം കോ

LIBRARY ARCHIVES Kerala Legislative Assembly

കോപ്പറേറീവ് സൊസൈറിക്ക ഫുഡ് പ്രൊഡക്ഷൻ പദ്ധതി അനുസരിച്ച് പാട്ടത്തിനു കൊടുത്തിട്ടുണ്ട്. അതു ആ കാലം കഴിഞ്ഞതിനുശേഷം അവക്കുതന്നെ കൊടുക്കേണ്ടതാണോ എന്നൊരു അപേക്ഷയുണ്ട്. ഏതാനും സ്ഥലങ്ങൾ ചിലർ എൻക്രോച്ചുചെയ്ത് ഫുഡ് പ്രൊഡക്ഷൻ ലീസ് വേണമെന്നു പറഞ്ഞു കൈവശം വെച്ചുവരുന്നുണ്ട്. ex-service menനു കൊടുക്കേണ്ട ആവശ്യങ്ങൾക്കായി ഇതുകളിൽ എത്രത്തോളം ബാക്കി നിൽക്കാൻ സാധിക്കുമോ അത്രത്തോളം അതിനായി വെക്കേണ്ടതാണ്—ഇതാണ് ഇപ്പോഴത്തെ ഉദ്ദേശം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: പതിച്ചുകൊടുക്കാത്ത സ്ഥലങ്ങൾ 20 കൊല്ലമായിട്ട് ഇങ്ങിനെ തരിശായിട്ടു കിടക്കുകയാണോ?

Mr. A. Madhava Prabhu *(Diwan Peishkar):* I said accretions were the result of 15 years' sea-action from 1105 to 1120. The inference drawn in the question does not therefore arise. All these lands did not come into existence 20 years ago. They came into existence within the period of 15 years from this year backwards.

മിസ്റ്റർ പി. ശങ്കരമേനോൻ: ഉപ്പുണ്ടാക്കുക, ഫിഷ്പോണ്ട് ഉണ്ടാക്കുക ഇതെല്ലാം പോസ്റ്റവാർ റീകൺസ്ട്രക്ഷൻനിൽ പെട്ടതല്ലേ?

മിസ്റ്റർ എ. മാധവപ്രഭു: അല്ല. ഇപ്പോൾ നടക്കുന്നുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അന്യന്മാർക്കായി തിരിച്ചുവെച്ചിട്ടുള്ള സ്ഥലങ്ങൾ, കടലാക്രമണംകൊണ്ട് സ്ഥലങ്ങൾ പോയിട്ടുള്ള പണക്കാർക്കാണോ കൊടുക്കുവാൻ വിചാരിക്കുന്നത്?

Mr. A. Madhava Prabhu *(Diwan Peishkar):* That is the meaning, probably it is not clear. Among the depressed classes themselves, some persons make applications and some sites are allotted to them. By the time the allotment is over, they disappear from the place because they get a job elsewhere and they leave the place. It is not therefore possible to give it to them though they have been the applicants. They are, therefore, not given that particular land. If the applicants come, they are given. In cases where the depressed classes are concerned, we cannot pin them to any particular place. The usual practice is for the man to apply and then after a few days when we go to take statements from him or do anything of that sort, he goes away and occupies some other place. There is great difficulty to assign any particular individual any plot for which he has made an application.

മിസ്റ്റർ പി. ടി. ജേക്കബ്: ഉപ്പുപെടുക്കുന്നതിനു് ആവശ്യമുണ്ടെന്നാണ് പറയുന്നത്. വാസ്തവത്തിൽ ഇപ്പോൾ ഉപ്പുണ്ടാക്കുന്നുണ്ടോ?

Mr. A. Madhava Prabhu *(Diwan Peishkar):* The experiment is a continuing one.

മിസ്റ്റർ പി. ടി. ജേക്കബ്: പടന്നമ്മാർക്കായിട്ടു വീതിക്കണമെന്നു് ഗവണ്മെണ്ടിനു് ഉദ്ദേശമുണ്ടോ?

Mr. A. Madhava Prabhu *(Diwan Peishkar):* The acreage is very small. I do not think it will be sufficient to meet the needs of the whole State, and the experiment is yet to be found to be successful.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഫുഡ് പ്രൊഡക്ഷൻ പദ്ധതിയനുസരിച്ച് പാട്ടത്തിനു കൊടുത്തിട്ടുണ്ട്. അതു് ആ കാലം കഴിഞ്ഞതിനുശേഷം അവക്കുതന്നെ കൊടുക്കേണ്ടതാണ് എന്നൊരു അപേക്ഷയുണ്ട്, എന്നു പറഞ്ഞിട്ടുണ്ട്. ഭക്ഷ്യോൽപാദന പദ്ധതിയനുസരിച്ച് കൈവശം വെച്ചിരിക്കുന്നവർ പണക്കാരല്ലേ?

Mr. A. Madhava Prabhu *(Diwan Peishkar):* This is a different type from the ordinary class of food production leases. A few people from Karuthedam raised certain funds and formed a co-operative society on the model of what is called co-operative farming societies. The idea of the Government has been to encourage co-operative farming societies which take up the work of collective farming and when this society applied for a site, this was the only place which we could give them. They spent more than Rs. 3,500 for clearing the land of a lot of unnecessary material that was there and therefore, after the period of 3 years, they prayed that it might be given to them so that the co-operative movement and collective farming society enterprise may be encouraged, but since a decision of this question will have to be taken afterwards, we have delayed taking a decision. But I think that on two grounds, the most important being the encouragement of collective farming by co-operative societies, on that ground, I think their request deserves more sympathetic consideration, unlike in the case of individuals spending money and trying to improve properties.

LIBRARY ARCHIVES Kerala Legislative Assembly

Mr. L. M. Pylee *(Latin Christians-Ernakulam):* What is the extent of land that has been leased out to this co-operative society, roughly at least ?

Mr. A. Madhava Prabhu *(Diwan Peishkar) :* If I am wrong, I may not be taken to task; I have not got exact figures; it must be between 15 to 20 acres, somewhere about that.

Mr. L. M. Pylee *(Latin Christians-Ernakulam):* What is the nature of the crop, please?

Mr. A. Madhava Prabhu *(Diwan Peishkar):* Paddy.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഏതാനും സ്ഥലങ്ങൾ ചിലർ എൻക്രോച്ച് ചെയ്ത് ഫുഡ് പ്രൊഡക്ഷൻ ലീസ് വേണമെന്നു പറഞ്ഞു കൈവശം വെച്ചുവരുന്നുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. ഇതിൽ അധഃകൃതർ പെടുമോ?

മിസ്റ്റർ എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥിരമായിട്ട് പതിച്ചുകൊടുക്കുവാൻ സാധിക്കുന്നതുവരെ തൽക്കാലനിലയിൽ ആവശ്യപ്പെട്ടവർക്കു കൊടുക്കരുതോ?

Mr. A. Madhava Prabhu *(Diwan Peishkar):* Accretion lands are not suitable for paddy cultivation and therefore generally a decision has been taken that so far as accretion lands are concerned, they won't be given for food production, because nothing can be done at present on such lands.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധഃകൃതരെ ഏൽപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അവർക്കുതന്നെ പതിച്ചുകൊടുക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

Mr. A. Madhava Prabhu *(Diwan Peishkar):* That is what is done in almost all the cases, but if they go and occupy any land and every land without discrimination, that is not encouraging. We are trying to collect them in a particular place and colonise them in groups. Therefore, if one man goes and gets a site here, another man in another place and so on, it works against our scheme of assignment. If they come and congregate in a particular place, even if they encroach we shall try to give them the place.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെ ആക്രമിച്ചു ചെയ്തിട്ടുള്ള എത്ര സ്ഥലങ്ങൾ കടലോരങ്ങളിൽ ഉണ്ട്?

മിസ്റ്റർ എ. മാധവപ്രഭു: ആരു് ഓക്രമിച്ചു ചെയ്തു, എങ്ങിനെ ആക്രമിച്ചു ചെയ്തുവെന്നാണ് പറയുന്നതു്?

മിസ്റ്റർ കെ. കെ. കണ്ണൻ: കടലോരപ്രദേശങ്ങളിൽ അധഃകൃതർക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ നിന്നു് അവരെ കുടിയിറക്കുവാൻ വല്ല ശ്രമങ്ങളും നടന്നുവരുന്നുണ്ടോ?

Mr. A. Madhava Prabhu *(Diwan Peishkar) :* Some years ago, I think, *i.e*, before I became the Diwan Peishkar—I have read it in the files—that there was some attempt to take these people from the place which they occupied and take them to a place which was reserved for them.

FISHING—LICENSING, ETC.—PARTICULARS REGARDING

184. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നിലങ്ങളിൽനിന്നു മത്സ്യം പിടിക്കുന്നതിനുള്ള ലൈസൻസ്സിനുള്ള അപേക്ഷ അയക്കേണ്ട അവസാനതിയ്യതി പ്രതിവർഷം തുലാം ൧൦-ാംനു- അല്ലെ;

(ബി) സാധാരണയായി വൃശ്ചികം ൧-ാംനു- മുതൽ മീനം ൧൦-ാംനു- വരെയല്ലെ നിലങ്ങളിൽനിന്നു മത്സ്യം പിടിക്കുന്നതു;

(സി) പള്ളിപ്പുറം വില്ലേജിലെ മനയത്തുകാട്ടു പാടം, കഴുപ്പുള്ളി വില്ലേജിലെ അരങ്ങിൽപാടം മുതലായ നിലങ്ങളിൽ ഉള്ള പുറമ്പോക്കു തോടുകളിൽനിന്നു വൃശ്ചികം ൧-ാംനു- മുതൽ മത്സ്യം പിടിക്കുന്നതിനുള്ള വ്യവസ്ഥയിന്മേലല്ലെ ഗവൺമെണ്ടു് ലേലംചെയ്തു കൊടുക്കുന്നതു;

(ഡി) മത്സ്യം പിടിക്കുന്നതിനു ലൈസൻസ്സിനുവേണ്ടിയുള്ള എല്ലാ അപേക്ഷകളെ സംബന്ധിച്ചും അതാതുകൊല്ലം വൃശ്ചികം ൧-ാംനു-ക്കു മുമ്പായി ഒരു അന്ത്യതീരുമാനം ചെയ്യുവാൻ എന്നെങ്കിലും ഗവൺമെണ്ടിനു സാധിച്ചിട്ടുണ്ടോ; എന്നാണതു;

(ഇ) വൃശ്ചികം ൧-ാംനു-ക്കു മുമ്പു അന്ത്യതീരുമാനം ചെയ്യുന്നതിനു സാധിച്ചിട്ടില്ലെങ്കിൽ (൧) അതിനുള്ള കാരണമെന്തു; (൨) ൧൯൪൫-ാമാണ്ടു് എത്ര അപേക്ഷകളെ സംബന്ധിച്ചു താമസം നേരിട്ടിട്ടുണ്ടു; (൩) എത്രതാമസം നേരിട്ടിട്ടുണ്ടു; (൪) മീനം

LIBRARY ARCHIVES Kerala Legislative Assembly